

ച

# ചിലങ്കയിൽ ഞങ്ങൾ തീർത്തത്

ജി.എച്ച്.എസ് ഉമ്മിനി

ലിറ്റിൽകൈറ്റ്സ്

2019

Kerala Infrastructure and Technology for Education

# ആമുഖം

മലയാള ഭാഷയ്ക്ക് ആധുനിക സങ്കേതങ്ങളുടെഉപയോഗം വേണ്ടത്ര വഴങ്ങില്ല എന്ന ഒരു പരാതിപൊതുവെ ഉണ്ട്. മലയാളത്തിലെ അക്ഷരങ്ങളും വാക്കുകളും മറ്റു ഭാഷകളെ അപേക്ഷിച്ച് അനായാസമായി ഉപയോഗിക്കാൻ കഴിയാത്തതായിരിക്കാം കാരണം. ശാസ്ത്രപദങ്ങളും സാങ്കേതിപദങ്ങളും മലയാളീകരിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട്പോലെത്തന്നെയാണിത്. അതുകൊണ്ടു തന്നെ മറ്റ്ഭാഷകളിൽ നിന്ന് സ്വാംശീകരിക്കുന്ന പദങ്ങളെഅതേപടി പകർത്താനാണ് മലയാളി ശ്രമിക്കുന്നത്.ഈ ഒരു പരിമിതി മറികടക്കാൻവളരെയേറെ പ്രധാനമാണ് മലയാളം കംമ്പ്യൂട്ടിങ്.അച്ചടിരംഗത്തെ വിപ്ലവകരമായി പുനർ സൃഷ്ടിക്കാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പുതിയ തലമുറ ഇതിൽ പ്രാവീണ്യം നേടുന്നതോടെനമ്മുടെ സാഹിത്യരംഗം പുഷ്ക്കലമാവുകതന്നെചെയ്യുംകൈറ്റി ന്റെ നേതൃത്വത്തിൽ കുട്ടികളെവിദഗ്ദരാക്കാൻ" ലിറ്റിൽ കൈറ്റ്സ് "എന്ന പേരിൽ നടക്കുന്ന സംരംഭം ഈ രംഗത്തെ മികച്ച തുടക്കമാണ്. ഇതിലൂടെസ്ക്കൂളിലെവിദ്യാർത്ഥികൾ,മലയാളത്തിൽ തയ്യാറാക്കിയഡിജിറ്റൽ പുസ്തകമാണിത്. ഇതിന്റെ മുഴുവൻ പ്രവർത്തനങ്ങളും അവരുടെ നേതൃത്വത്തിൽ, സ്വന്തംസൃഷടികൾപ്പെടുത്തിയാണ് നടന്നതെന്നത് നമുക്ക് വളരെയധികം പ്രതീക്ഷ നൽകുന്നുണ്ട്. ഭാവിയിൽമലയാള ഭാഷയും സാഹിത്യവും കൂടുതൽ വിപുലമാക്കാൻ ഇതിലൂടെ കഴിയും എന്ന് പ്രതീക്ഷിക്കാം.

ഏതാണ്ട് ഒരു വർഷത്തിൽ കുറഞ്ഞ ബന്ധമാണ് ഈ വിദ്യാലയവുമായി എനിക്കുള്ളതെങ്കിലും ഈ വിദ്യാലയത്തിലെ അധ്യാപകരുടെയും വിദ്യാർ-ത്ഥികളുടെയും ഓരോ പ്രവർത്തനങ്ങളിലും അളവറ്റ അഭിമാനമുണ്ട്. ലിറ്റിൽകൈറ്റിന്റെ എല്ലാപ്രവർത്തനങ്ങളിലും കുട്ടികൾ താല്പര്യത്തോടെ സജീവമായി ഇടപെടുന്നുണ്ട്. ഡിജിറ്റൽ മാഗസിനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എന്റെ എല്ലാവിധ ആശംസകളും

പ്രധാനാദ്ധ്യാപിക

1962 ൽ ഒരു എൽ പി സ്ക്രൂളായി പ്രവർത്തനംആരംഭിച്ച
ഈ വിദ്യാലയം പിന്നീട് യു.പിസ്ക്രൂൾ ആയും 2011- ൽ
ഹൈസ്ക്രൂളായും പ്രവർത്തനം ആരംഭിച്ചു പ്രാരം-
ഭഘട്ടത്തിന്റെ എല്ലാ ബാലാരിഷ്ടതകളും അനുഭവിക്കേ-
ണ്ടി വന്നെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അവസ്ഥയിൽ
വിദ്യാലയം പുരോഗമിച്ചുവരുന്നു. എസ്.എസ്.എൽ.സിബാച്ച്
ആരംഭിച്ച വിഷം മുതൽ തന്നെ 100% വിജയം കൈവരിച്ചു
വരുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ പ്രീ-പ്രൈമറി മുതൽ
പത്താം തരം വരെയുള്ള ക്ലാസുകളിലായി എഴുന്നൂറോളം കുട്ടികളും
മുപ്പതോളം ജീവനക്കാരും ഉണ്ട്. നൂതന സാങ്കേതിക വിദ്യ ഉപ-
യോഗിച്ച് പഠനപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു
പോകുന്ന ഈ കാലഘട്ടത്തിൽ ഹൈസ്ക്രൂൾ ക്ലാസ്സ്
മുറികൾ എല്ലാം തന്നെ ഹൈടെക്ക് ആക്കുക എന്ന
സർക്കാർ ലക്ഷ്യം വിദ്യാലയം കൈവരിച്ചു.ലിറ്റിൽകൈറ്റ് യൂണിറ്റ്
തുടക്കത്തിൽ തന്നെ വിദ്യാലയത്തിൽ പ്രവർത്തനം ആരംഭിച്ചു
ശാസ്ത്രവും സാങ്കേതിക വിദ്യയും കോർത്തിണക്കി
കൊണ്ടുപോകുന്ന അടൽടിങ്കറിങ് ലാബ് വിദ്യാലയത്തിൽ
അനുവദിച്ചിട്ടുണ്ട്.മേലുദ്യോഗസ്ഥരുടേയും
അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടേയും
സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ
വിദ്യാലയം ഇനിയും ഉയർച്ചയിൽ എത്തിക്കാമെന്ന
പ്രതീക്ഷയിലാണ് ഞങ്ങൾ.

സ്റ്റാഫ് സെക്രട്ടറി
രേഖ ടീച്ചർ

കുട്ടികൾ തങ്ങളുടെ സർഗ്ഗശേഷികൾ ICT സാദ്ധ്യത-യിലൂടെ വളർത്തിയെടുക്കുകയും മറ്റുള്ളവർക്ക് പ്രയോജന പ്രദമാകും വിധത്തിൽ മികച്ച പ്രവത്തനം നടത്തുകയും ചെയ്തിരിക്കുന്നു. ഇനിയും കൂടുതൽ സൃഷ്ടികൾ രചിക്കാൻ ഇവർക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു:

സുജ ടീച്ചർ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വന്ന ഹായ് കുട്ടിക്കൂട്ടം എന്ന പദ്ധതിയുടെ തുടർച്ചയെന്നോണം നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ്, ഒട്ടനവധി മേഖലകളിൽ പരി-ശീലനം നൽകിവരുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കുട്ടികളുടെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും

ബിന്ദു പീതാംബരൻടീച്ചർ

2002 മുതൽ ഞാൻ ഉമ്മിനി സ്ക്കുളിൽ അധ്യപികയായി തുടരുന്നു. ആദ്യ കാല ദുരിതാവസ്ഥയിൽ നിന്നുംസ്ക്കുൾ ഉയർന്നത് കൂട്ടായ പ്രവർത്തനം മൂലം തന്നെയാണ്. ഉയർന്ന പഠനമികവും സൗകര്യങ്ങളും കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടാക്കി.കാലത്തിന്റെ ആവശ്യം ഉൾക്കൊള്ളുന്ന രീതിയിലുളള പഠന

തന്ത്രങ്ങളും,രക്ഷിതാക്കളെ വിദ്യാർത്ഥികളുടെ നേട്ടങ്ങളിലൂടെ ആകർഷത്വം ,ആത്മാർത്ഥതയുള്ള അദ്ധ്യാപകരും,ഉത്സാഹികളായ കുട്ടികളുംഈ ഉയർച്ചക്കു പിന്നിലുണ്ട്, എന്നതിനു തെളിവാണ്  ഈ മാഗസിൻ

എന്റെ എല്ലാ വിധ ആശംസകളും

ശ്യാമള ടീച്ചർ

# പ്രളയം

പ്രളയം വന്ന് വീടു നശിച്ചു-

പോയവർക്കെല്ലാം സഹായം ചെയ്യണം........
വീടുകൾ ഇടിഞ്ഞു പോയവരെല്ലാവരും
ദുരിതാശ്വാസ ക്യാംപിൽ ജീവിക്കുന്നു
സ്കൂളുകളെല്ലാം പൊട്ടിത്തകർന്നു പോയല്ലോ
ലോകം.... ലോകം..... ലോകം.....
കാലം.....കാലം.....കാലം.....
നമ്മുടെ നാട്ടിൽ പ്രളയം വരുമെന്ന്
വിചാരിച്ചില്ല..............
നമ്മുടെ ലോകം ഇങ്ങനെ പ്രളയത്തിലാഴുമെന്ന്
വിചാരിച്ചില്ല.......

പ്രളയം വന്ന് കുട്ടികളുടെ പഠനങ്ങൾ
നശിച്ചു.......
കുട്ടികളുടെ പഠന ഉപകരണങ്ങൾ
നഷ്ട്പ്പെട്ടു............................ അഹല്യ
ഇതിൽ നിന്നെല്ലാം ഒരുമിച്ച് കരകയറാം

# ഓർമ്മക്കുറിപ്പ്

തിരുവോണത്തിന്റെ അന്ന് ഞാൻ വല്ലാതെ വിഷമിച്ചു.
എന്താണെന്നുവെച്ചാൽ
ഞങ്ങളുടെ വീട്ടിൽ ഒരുപ്പാട് വിരുന്നുകാരുണ്ടായിരുന്നു
അന്ന് ഞാൻ ഒരുപ്പാട് സന്തോഷിച്ചിരുന്നു. വൈകുന്നേര
സമയമായപ്പോൾ എൻെറ അനുജന്
പെട്ടന്ന് പനി വന്നു. അത്രനേരം കളിച്ചും ചിരിച്ചും
നടന്ന അവന് പനി അധികമായി. മാത്രമല്ല
ജ്വരമിളകി. എന്റെ അമ്മയും വാപ്പയും ആശുപത്രിയിലേക്ക്
കൊണ്ടുപ്പോയി. ആ ദിവസം
ഞാൻ ഒരുപാട് വിഷമമായി. ഈ തിരുവോണം
ഞാൻ ഒരിക്കലും മറക്കില്ല.

അജയ് കൃഷ്ണ.

# ദുരന്തം

ലോകം മുഴുവൻ പ്രളയ ഭീതിയിലായി.
മനുഷ്യരുടെ വിധിയാണ് ഈ പ്രളയം.
ഒത്തിരി നൊമ്പരങ്ങളുടെ താഴ്വര
നീന്തിക്കടന്നതാണ് നമ്മൾ.
മനുഷ്യർക്ക് ജാതി, മതം വേർതിരിവും
കാണിക്കാതെ ഒന്നിച്ചുനിന്ന ലോകം
ജീവിതത്തിന്റെ തിരാക്കടൽ കടന്ന്
വന്നതാണ് ഈ ലോകം മുഴുവൻ.
ഈ ലോകത്തെ ഭീതിയിലാക്കിയതാണ്
'പ്രളയം'മനുഷ്യരുടെ മനസ്സിനെ ഭീതിപ്പെടുത്തിയ
'പ്രളയം ' വീടുകളിൽ വെള്ളം നിറഞ്ഞൊഴുകി.
എങ്ങോട്ടോടണമെന്നറിഞ്ഞ്കൂടാതെ
ആ ദുരന്തം നമ്മൾ നേരിട്ടാറുമാസം,
ഏഴുമാസം പ്രായമുള്ള പിഞ്ചുകുഞ്ഞുങ്ങളടക്കം
ഈ പ്രളയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.
ദൈവമേ ഇനിയൊരു ദുരന്തം വരാതെ കാക്കണമേ

# മഴ

മഴ,മഴ,മഴ,മഴ.പ്രളയ ക്കൊട്ടും തീ മഴ

മനുഷ്യർ തൻ ഭവനങ്ങൾ വീഴ്ത്തി-

കൊട്ടുംതീ മഴ.മനുഷ്യർ

തൻ ജീവിതം തകർത്തു കൊട്ടുംതീ മഴ.

മഴ,മഴ,മഴ,മഴ പ്രളയ

കൊട്ടുംതീ മഴ.

# ഓർമ്മക്കുറിപ്പ്

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരേ ഒരു കാര്യം മാത്രമേയുള്ളൂ . ഞാൻ ഒരു ദിവസം അച്ഛന്റെ അമ്മയുടെയും കൂടെ നെന്മാറയിലേക്ക് പോയി. തിരിച്ചുവരാൻ നേരത്ത് നല്ല ഇരുട്ടായിരുന്നു. ഞങ്ങൾ വീട്ടിലേക്ക് വന്നുകൊണ്ടിരിക്കുമ്പോൾ റോഡരികിൽ ഒരു കാർ നിർത്തിയിട്ടിട്ടുണ്ടായിരുന്നു. ഞങ്ങൾ അതിന്റെ അരികിൽ എത്തിയതും ആ കാർ പെട്ടെന്ന് തിരിച്ചു . ഞങ്ങളും വണ്ടിയും മറിഞ്ഞു
വീണു. അവർ അതൊന്നും നോക്കാതെ വേഗം പോയി. ഞാൻ എണീച്ച് അച്ഛനെയും അമ്മയെയും പിടിച്ച് എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു . അമ്മയ്ക്ക് ഒന്നും പറ്റിയില്ല . പക്ഷെ എന്റെ ഇടതു കാലിലെ ഞരമ്പ് ചതയുകയും, അച്ഛന്റെ രണ്ടു കാലിലും മുറിവും സംഭവിച്ചു. ഈ അനുഭവം എന്റെ ജീവിതത്തിൽ എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല.

# ഇടയനും ഖലീഫയും

പുൽമേട്ടിൽ ഒരുപറ്റം ആടുകൾ മേഞ്ഞുകൊണ്ടിരിക്കുന്നു.കുറുനരികൾ വരുന്നുണ്ടോയെന്ന് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ് ഇടയൻ.അപ്പോൾ അതുവഴി ഒരു യാത്രക്കാരൻ വന്നു. ആടിൻ പറ്റത്തെ കണ്ട് അയാൾ നിന്നു.

"ഹേ,ആട്ടിടയാ എനിക്കൊരു ആടിനെ തരുമോ...? പറയുന്ന വിലയും തരാം"യാത്രക്കാരൻ ചോദിച്ചു.

"ആടുകളെ വിൽക്കാനല്ല, മേയ്ക്കാനാണ് യജമാനൻ എന്നെ ഏൽപ്പിച്ചിരിക്കുന്നത് !" ഇടയൻ പറഞ്ഞു.

"സഹോദരാ, നല്ലൊരു തുക ഞാൻ തരുന്നു. ഒരാടിനെ കൊണ്ടുപോകുന്നു.അത്രേയെയുള്ളൂ. കുറുനരിപിടിച്ചുകൊണ്ട്പോയെന്ന് യജമാനോട് പറഞ്ഞാൽ പോരെ ?" യാത്രക്കാരൻ ഉപദേശിച്ചു.

നുണപറയാൻ ഞാൻ ശീലിച്ചിട്ടില്ല !.ഒരിക്കലും യജമാനനെ വഞ്ചിക്കുകയുമില്ല !" ഇടയൻ തീർത്ത് പറഞ്ഞു. ഞാൻ ബലം പ്രയോഗിച്ച് ഒരാടിനെ കൊണ്ടു പോയാലോ..? യാത്രക്കാരന്റെ ഭീഷണി.

"എന്നാൽ കാണട്ടെ ധൈര്യം?." ഇടയൻ നേരിടാൻ തയാറെടുത്തു.

"സഹോദരാ ഒരാടിനെ ഞാനൊരുപാട് ആശിച്ചുപോയി !" യാത്രക്കാരൻ അയഞ്ഞു.

"കുറുനരികൾ ഏതുസമയവും കടന്നുവരാം.
എന്റെ ശ്രദ്ധ തെറ്റിക്കല്ലേ.ദയവായി നിങ്ങൾ പോവണം"
ഇടയൻ അപേക്ഷിച്ചു. യാത്രക്കാരൻ കുറെ
പുല്ലുപറിച്ചുകൊണ്ടുവന്ന് ആടുകൾക്ക് കൊടുത്തു.പിന്നെ
ആടുകൾ തിന്നുന്നത് നോക്കി നിന്നുപോയി.
"ആടിന് നിങ്ങൾ തീറ്റയെന്നും  കൊടുക്കേണ്ട"
ഇടയൻ ദേഷ്യപ്പെട്ടു.
യാത്രക്കാരൻ അതുശ്രദ്ധിക്കാതെ വീണ്ടും
പുല്ലുപറിക്കാൻതുടങ്ങി.
"ഹേ, ഉപദ്രവത്തിന് ഒരതിരുണ്ട്.ഇത് ന്യായമല്ല.
പെട്ടന്ന് വേഷംമാറിയപോൾ അത്
യജമാനനാണ്.തന്നെ പരീക്ഷിക്കാൻ വന്നതാണ്.
ഇടയനിൽ വിശ്വസ്തനായ യജമാനൻ
ഇടയന് സ്വർണ്ണനാണയങ്ങൾ നൽക്കുകയും
അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു
ഇടയന് സന്തോഷമായി.

# വിവേകവും അവിവേകവും

ഒരു ദിവസം അപ്പു നടന്ന് നടന്ന് വല്ലാതെ ക്ഷീണിച്ചു അടുത്ത് ഒരു കിണർ  കണ്ടു. അവൻ കിണറിനടുത്ത് പോയി കിടന്നുറങ്ങി . അപ്പോൾ വെള്ളം തുളുമ്പാൻ തുടങ്ങി അവൻ കിണറ്റിൽ  നോക്കി. അവൻ അത്ഭുതപ്പെട്ടു.  അതാകിണറ്റിൽ നിന്നൊരു ദേവത. അ
വന് ദേവത സ്വന്തമായി കുറേ കുറേ സാധനങ്ങൾ കൊടുത്തു. അവൻ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി...

കീർത്തി

# ജിറാഫും കാണ്ടാമൃഗവും

ജിറാഫും കാണ്ടാമൃഗവും വളരെ നല്ല സുഹൃത്തുക്കളായിരുന്നു.ആ വേനൽക്കാലത്ത് കുളങ്ങളും തോടുകളും വറ്റി. ആ കാട്ടിൽ മരങ്ങളെല്ലാം ഉണങ്ങിപ്പോയി. കാട്ടിലെ മൃഗങ്ങളെല്ലാം ദാഹത്തോടെ അലഞ്ഞു. ഒരു ദിവസം ജിറാഫ് പറഞ്ഞു

“നമ്മൾ കുറച്ച് ദൂരം പോയാൽ എന്തെങ്കിലും കിട്ടുമായിരിക്കും.”അവർ രണ്ടുപേരും നടക്കാൻ തീരുമാനിച്ചു. അവർ യാത്ര തുടർന്നു. നടക്കുന്നതിനിടെ അവർ കണ്ട കാഴ്ച്ച അവരെ വളരെ അധികം അത്ഭുതപെടുത്തി. വളരെ പച്ചപ്പ് നിറഞ്ഞ പ്രദേശമാണ് അവർ കണ്ടത്. അവിടെ ഒരു മരത്തിൽ ആപ്പിൾ തൂങ്ങികിടക്കുന്നുണ്ടായിരുന്നു.പക്ഷെ ആ ആപ്പിൾ തിന്നാൻ പറ്റില്ല. അത് വളരെ ഉയരത്തിലാണ് .അപ്പോൾ കാണ്ടാമൃഗം പറഞ്ഞു :നമ്മൾ അടുത്തുള്ള വൈദ്യരെ കണ്ടാൽ വല്ല പരിഹാരം കിട്ടു മായിരിക്കും.അവർ രണ്ടു പേരും വൈദ്യരെ കണ്ട് കാര്യങ്ങൾ പറഞ്ഞു.അതിന് ഒരു മരുന്നുണ്ട് അത് കഴിച്ചാൽ രണ്ടുപേരും ഉയരമാവും. നിങ്ങൾ രാവിലെ വരൂ ഞാൻ മരുന്ന് തരാം. അവർ രണ്ടുപേരും ആ ആപ്പിൾ മരത്തിന്റെ ചുവട്ടിൽ ഉറങ്ങി.പാതിരാത്രി യായപ്പോൾ കാണ്ടാമൃഗം കുറച്ച് ദൂരത്തായി ഒരു പുൽമേട് കണ്ടു.അവരങ്ങോട്ട് പോയി. പുല്ല് കുറച്ച് തിന്ന് അവിടെ ഉറങ്ങിപ്പോയി.ജിറാഫ് രാവിലെഎഴുന്നേറ്റ് കാണ്ടാമൃഗത്തെ തിരഞ്ഞുനടന്നു. പിന്നീട് ജിറാഫ് വൈദ്യരെ കണ്ട് മരുന്നുവാങ്ങി. വൈദ്യർ പറഞ്ഞുഃ ഈ മരുന്ന് ഉച്ചവരെ മാത്രമേഉപയോഗിക്കാൻ കഴിയുകയുള്ളൂ. ജിറാഫ് മരുന്ന് അപ്പോൾ തന്നെ കഴിച്ചു. കുറച്ചുന്നേരം കഴിഞ്ഞപ്പോൾ ജിറാഫ് നല്ല ഉയരം വച്ചു. പിന്നീട് ആ ജിറാഫിന്

മരത്തിനെക്കാൾ ഉയരം ഉണ്ടായി. ആപ്പിൾ മുഴുവൻ ജിറാഫ് തിന്ന് തീർത്തു.അങ്ങനെയാണ് ജിറാഫിന് നല്ല ഉയരം ഉണ്ടായത്.

ഗായത്രി

# ഓർമ്മക്കുറിപ്പ്

ഞങ്ങൾക്ക് മറക്കാൻ പറ്റാത്തത് എന്ന്പറഞ്ഞാൽ അത് ഞങ്ങളുടെ'സൗഹൃദം'തന്നെയാണ്.ഞങ്ങൾ ഒന്നുമുതലെ ഒപ്പം പഠിക്കാൻ തുടങ്ങിയവരാണ്.ഞങ്ങൾ എന്നുവച്ചാൽ ജുനൈസ,റുമാന,ഇസ്രത്ത്, അൻഷിഫ എന്നിവരാണ്.ഞങ്ങൾ ഇപ്പോഴും കട്ട ഫ്രണ്ട്സാണ്.പിന്നെ ഏഴാം ക്ലാസ്സിൽ അനുശ്രി വന്നു.അവളും ഞങ്ങളുടെ ഫ്രണ്ടായി.അങ്ങനെ ഞങ്ങൾ ഞങ്ങടെ ഗ്രുപ്പിന് പേരിട്ടു R G.പിന്നെ എട്ടാം ക്ലാസ്സായി.ഫമിദയും സംസിയും വന്നു.പിന്നെ അവരും ഞങ്ങളുടെ ഫ്രണ്ടായി.ഞങ്ങൾ ഇപ്പോഴും ചങ്കുകളാണ്.പിന്നെ കൊച്ചു കൊച്ചു തമാശകളും കൊച്ചു കൊച്ചു കളിയും ചിരിയുമായി ഞങ്ങൾ മുന്നോട്ടു പോയി.അങ്ങനെ ഞങ്ങൾ തട്ടിയും മുട്ടിയും ഒൻമ്പതാം ക്ലാസ്സിലെത്തി. അത് ഞങ്ങടെ ഭാഗ്യം.അങ്ങനെ പരീക്ഷയായി.അതിൽ ജയിച്ചാൽ ഞങ്ങളുടെ തലയിലെഴുത്ത് തെളിഞ്ഞുതുടങ്ങും.

ജുനൈസ തസ്നി

# മായാത്ത അനുഭവം

ഞാൻ ഇവിടെ എഴുതുന്നത് എന്റെ ഒരു രസകരമായ അനുഭവമാണ്. ഒരു ദിവസം ഞാൻ അമ്മയോട് എനിക്ക് എന്റെ അലമാരയിൽ ഇരിക്കുന്ന വലിയ കളർബോക്സ് വെണമെന്ന് പറഞ്ഞ് വാശിപിടിച്ചു. അമ്മ തരില്ലെന്ന തീർത്തും പറഞ്ഞു. എന്നിട്ടും ഞാൻ അമ്മയോട് വാശി പിടിച്ച് കരഞ്ഞു . എന്റെ അമ്മക്കാണെങ്കിൽ പറഞ്ഞകാര്യം പിന്നെയും പറഞ്ഞ് വാശിപിടിച്ച് കരയുന്നത് തീരെ ഇഷ്ടമല്ല.അങ്ങനെയാകുമ്പോൾ ഞാൻ വാശിപിടിച്ചു കര്ഞ്ഞാൽ അമ്മ ദേഷ്യപ്പെടാ-തിരിക്കുമോ? വാശിപിടിച്ച് കരയുന്ന എനിക്ക് അമ്മ രണ്ടെണ്ണം പൊട്ടിച്ചു. അപ്പോൾ എനിക്ക് വളരെ ദേഷ്യം വന്നു, ഒപ്പം സങ്കടവും.അമ്മ തല്ലിയതിന്റെ ദേഷ്യത്തിൽ ഞാൻ മുറിയിൽ കയറി വാതിൽ അടച്ചു. എന്നിട്ട് ഫാനിടനായി സ്വിച്ചിൽ കൈവച്ചതാണ്, ഷോക്കടിച്ച് ഞാൻ തെറിച്ച് വീണു. അന്നാദ്യമയാണ് എനിക്ക് ഷോക്കടിച്ചത് ഞാൻ നാണക്കേട് കൊണ്ട് നടന്ന കാര്യം അമ്മയോട് പറഞ്ഞില്ല. പിന്നീട് പലതവണയും എനിക്ക് ഷോക്കടിച്ചിട്ടുണ്ടെങ്കിലും ഈ സംഭവം എനിക്ക് മറക്കാൻ കഴിയില്ല.

സുതി

# എൻ അമ്മ

ഈ ജീവിതം നൽകി
എന്നെ ഞാനാക്കി മാറ്റി
അകലങ്ങളിലേക്ക് പോയ് മറഞ്ഞുവെങ്കിലും
അമ്മിഞ്ഞ പാലിൻ മധുരമായ്
നീ എന്നും എന്നിലൂടെ ഒഴുകുന്നു.
സ്നേഹം നൽകി മറഞ്ഞുവെങ്കിലും
നിൻ സ്നേഹം എൻ മനസ്സിൽ അമൃതം

സുര്യ

# ഒരു മഴക്കാഴ്ച

ഈ മഴയിലിന്നെന്റെ ഗ്രാമം
എത്ര സുന്ദരം
പൂക്കൾ വിരിയും
പൂമ്പാറ്റകൾ പാറും
പുഴകൾ ഒഴുകും
തെളിനീർ തഴുകും
പക്ഷികൾ പാടും
നമ്മുടെ നാടു കാണാനെന്തു രസം

ഐശ്വര്യ

# സൂര്യൻ ഉദിച്ചു

പണ്ടു പണ്ടു ലോകത്ത് ചൂടും വെളിച്ചവും ഇല്ലാതായിരുന്നു എങ്ങും അന്ധകാരവും തണുപ്പും മാത്രം. പിന്നീടാണ് തീ ഉണ്ടായത്. പക്ഷെ, അപ്പോഴും അതു കഴിഞ്ഞും ഒരു കാര്യം എല്ലാവരെയും അലട്ടിയിരുന്നു. സൂര്യൻ എവിടെ? അതേപ്പറ്റി ആലോചിക്കാൻ ചേര്ന്ന യോഗത്തിൽ വച്ച് ഉശാടെ മാഗെ എന്ന കാക്ക പറഞ്ഞു എന്റെ മുത്തച്ഛൻമാരിലൊരളായ നെഗോക്കുവ എന്ന കാക്കയാണ് പണ്ട് ഭൂമിയിൽ തീ കൊണ്ടുവന്നത്. തീയുണ്ടാകുന്ന തീ കല്ലിനു വേണ്ടി അദ്ദേഹം ഒരു മൂങ്ങയുമായി യുദ്ധംചെയ്യുകയുണ്ടായി. അതിനിടയിൽ തീ പടർന്ന് തൂവലുകൾ കരിഞ്ഞതുകൊണ്ടാണ് ഞങ്ങളുടെ വർഗം തന്നെ കറുത്തനിറക്കാരായത്. എങ്കിലും സൂര്യനെ കണ്ടെത്തിയാൽ മാത്രമേ പ്രപഞ്ചത്തിൽ ശാശ്വതമായ പ്രകാശം പുലരുകയുള്ളൂ നൈകോകുവ അപ്പൂപ്പൻ അന്നേ പറഞ്ഞിരുന്നു.

ആ കഥ ഞങ്ങൾക്കൊക്കെ അറിയാം. പൂചടം എന്ന മുയൽ പറഞ്ഞു .റബോസി എന്ന രാക്ഷസൻ സൂര്യനെ വിഴുങ്ങിയത് കൊണ്ടാണ് ലോകം അന്ധ കാരത്തിലമർന്നത് എന്ന് പൂർവികർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. അവന്റെ വയറ്റിൽ നിന്ന് സൂര്യനെ രക്ഷപ്പെടുത്തിയാൽ ചൂടും വെളിച്ചവും ലഭിക്കും. അങ്ങനെ അവർ രാക്ഷസന്റെ വയറ്റിൽ നിന്നും സൂര്യനെ രക്ഷിച്ചു.

അയിഷ

# മടിയനു കിട്ടിയ ശിക്ഷ

ഖാദർ ഒരു കൃഷികാരനായിരുന്നു. അയാൾക്ക് ഒരു കാളയും ഒരു കഴുതയും ഉണ്ടായിരുന്നു. കാള ഉൽസാഹിയും കഴുത മടിയനുമായിരുന്നു. കാള വയലിൽ വിശ്രമമില്ലാതെ പണിയെടുക്കുമ്പോൾ കഴുത
പണിയൊന്നും ചെയ്യാതെ അലഞ്ഞുനടന്നു.
വിശ്രമമില്ലാതെ പണിയെടുത്താൽ പെട്ടെന്ന് ആരോഗ്യം നശിച്ചു ചത്തുപോകുമെന്ന് ഒരു ദിവസം കഴുത കാളയോടു പറഞ്ഞു. ഇതുകേട്ട് ആ പാവം പൊട്ടി കരഞ്ഞു പോയി.പണിചെയ്യാതിരികാൻ ഒരു ഉപായവും കഴുത പറഞ്ഞു കൊടുത്തു. അടുത്ത ദിവസം വയലിലേക്കു കൊണ്ടുപോകാൻ കൃഷികാരൻ എത്തുമ്പോൾ ചത്തതുപോലെ കിടക്കണം എന്നായിരുന്നു ഉപദേശം. കാള കഴുതപറഞ്ഞതുപോലെ അനുസരിച്ചു. കാളയെ അഴിക്കാനെത്തിയ കൃഷിക്കാരൻ അതിനു സുഖമില്ലെന്നുകരുതി കഴുതയേയും കൂട്ടി വയലിലേക്കു നടന്നു. സന്ധ്യയാകുന്നതുവരെ കഴുത വയലിൽ പണിയെടുത്തു. അന്നു മുതൽ ആ മടിയന് പതിവായി പണിയെടുക്കേണ്ടി വന്നു. തെറ്റുചെയ്യാൻ മറ്റുള്ളവരെ ഉപദേശിച്ചാൽ ശിക്ഷ കിട്ടുമെന്ന് അവന് അങ്ങനെ മനസ്സിലാക്കി.

# തിരിവുകൾ

അവന്തിപുരത്തേക്കുള്ള യാത്രയ്ക്കിടയിൽ ആപ്പിൾ വിൽക്കുന്ന കുട്ടികളെ കണ്ടു. അവരുടെ പഴകിയ പഴക്കൂടകളിൽ കിടന്നിരുന്നത് ചതഞ്ഞതും ചെളിപുരണ്ടതുമായ ആപ്പിളുകളായിരുന്നു. തൊട്ടടുത്ത തോട്ടങ്ങളിൽ നിന്ന് ഉടമസ്ഥർ ഉപേക്ഷിച്ചതവാം. കൂട്ടത്തിലെ'തിരിവുകൾ'!
ആ കുട്ടികളുടെ മുഖം ആപ്പിളിനോകാൾ ഭംഗിയുള്ളവയായിരുന്നു. എന്നാലും ആ മുഖങ്ങളിലെല്ലാം അഴുക്കുപുരണ്ടിരുന്നു.അവർ മനുഷ്യകുഞ്ഞുങ്ങൾക്കിടയിലെ 'തിരിവു 'കളാണെന്ന് ആരും പറയാതെ തന്നെ വ്യക്തമായിരുന്നു.

# ഓർമ്മക്കുറിപ്പ്

എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു കൊച്ചു സന്തോഷമാണ് ഞാനിവിടെ പങ്കു വക്കുന്നത്. ഒരു ദിവസം എന്റെ സ്ക്കൂളിൽ നിന്ന് ഒരു ചരിത്ര പഠനയാത്രക്ക് കൊണ്ടു പോയി.അത് ഒളപ്പമണ്ണ എന്ന കവിയുടെ തറവാട്ടിലേക്കാണ്. യാത്ര വളരെ രസകരമായിരുന്നു.ഞാൻജ്ഞനലിനടുത്തായിരുന്നു ഇരുന്നത്.അവിടെഎത്തിയപ്പോൾ വലിയൊരു ഇല്ലം .കാണാൻരസകരമായിരുന്നു.അവിടെ അദ്ദേഹം ഉപയോഗി-ച്ച പല സാധനങ്ങളും സൂക്ഷിച്ചുവച്ചിട്ടുണ്ടായിരുന്നു.ഓട്ടു പാത്രങ്ങൾ ,മാടമ്പള്ളി വിളക്ക്, ന്യറ്റി അമ്പത്വർഷം പഴക്കമുള്ള ലോക്കർ അങ്ങനെ നമ്മളെ ആകർഷകമാക്കുന്ന കുറേ വസ്തുക്കൾ അവിടെഉണ്ടായിരുന്നു. ഇല്ലത്തിൽ ഒത്തിരി മുറികൾ ഉണ്ടായിരുന്നു.വടക്കുള്ളമുറികളെ വക്കിനിയെന്നും തെക്കുള്ളമുറികളെ തെക്കിനിയെന്നും പറയുന്നു. ഇല്ലത്തിൽ അദ്ദേഹത്തിന്റെ ഒരുവലിയഫോട്ടോ ഉണ്ടായിരന്നു. അവിടെ എല്ലാം ചുറ്റിക്കണ്ടു.എനിക്ക് അവിടെ നിന്ന് പോവാൻ തോന്നുന്നില്ലായിരുന്നു.അത്ര ക്കു രസകരമായിരുന്നു. ആ യാത്ര ഇപ്പോഴുംഞാൻ ഓർക്കുന്നു

നിന്ന് പോവാൻ തോന്നുന്നില്ലായിരുന്നു.അത്ര ക്കു രസകരമായിരുന്നു. ആ യാത്ര ഇപ്പോഴും

# മടിവരുത്തിയ വിന

അലി എണീക്കടാ മദ്രസക്ക് പോവണ്ടേ? ഉമ്മ വിളിച്ചുണർത്താൻ തുടങ്ങിയിട്ട് കുറേനേരമായി.

ഉറങ്ങുന്നവരെയല്ലേ വിളിച്ചുണർത്തേണ്ടത്. അലി ഉണർന്ന് കിടക്കുകയാണ് ഉമ്മ വരുന്നതു കാണു മ്പോൾ ഉറങ്ങുന്നതുപോലെ കണടയ്ക്കു വിളിച്ചുണർത്തി ഉമ്മ പോകുമ്പോൾ പിന്നെയും

കണ്ണടച്ച് പുതപ്പിനുളളിലേക്ക് ചുരുളും രാവിലെയുള്ള തണുപ്പിൽ പുതപ്പിനുള്ളിൽ ചുരുണ്ടുകിടക്കാൻ നല്ല സുഖം!

എടാ സമയം എട്ടു മണിയാവാറായി.

നിനക്ക് മദ്റസേല് പോവേണ്ടേ? എണീറ്റ് വാടാ.ഇന്നെന്താണിങ്ങനെ! ഉമ്മയുടെ സ്വരത്തിന് മാറ്റം വന്നിട്ടുണ്ട് അതിനർഥം ഇനിയും കിടക്കുന്നത് അത്ര സുഖകരമാവില്ല എന്നാൽ ഉമ്മയുടെ കൈയ്യിലെ ചൂടറിയാം.താത്താക്കും ഇക്കാക്കും ഒക്കെ ചിലപ്പോൾ ആ ചൂട് കിട്ടുന്നത് കണ്ട് രസിച്ചിട്ടുണ്ട് അലിക്ക് ഇതുവരെ ഇങ്ങെനൊരു അനുഭവം ഉണ്ടായിട്ടില്ല, കാരണം അവൻ ഇതുവരെ മദ്റസയിലോ സ്കൂളിലൊന്നും പോകുന്നില്ല. മദ്രസയിൽ പോകാൻ തുടങ്ങിയത് മുതൽ എല്ലാ ദിവസവും നേരത്തെ എണീക്കാറുണ്ട്

താത്തയും ഇക്കയും കഴികക്കാനിരിക്കുന്നതിന് മുൻപ് തന്നെ ഇന്നെങ്ങനെ എഴുന്നേൽക്കാൻ തോന്നുന്നില്ല. മദ്രസിയിലേക്ക് പോകാനും വല്ലാത്തൊരു മടി. പഠിച്ചതു

തന്നെ പിന്നെയും പഠിപ്പിക്കുക! അലിഫും ബാഉം മെല്ലാം
കുറേ ദിവസമായി പഠിക്കാൻ തുടങ്ങിയിട്ട് ആദ്യ ദിവസം
തന്നെ അതൊക്കെ പഠിച്ചതാണ് എന്നാലും ഉസ്താദ്
ക്ലാസില് വന്നാൽ അലിഫിന്റെ
പാട്ട് പാടാൻ പറയും സ്ലേറ്റില് അലിഫും ബാഉം മെല്ലാം
എഴുതാൻ പറയും വേറൊന്നും പടിപ്പിക്കില്ല. അതാണ്
അലിക്ക് മടിവരാൻ കാരണം. ഉമ്മാ വയറു വേദനയാണ്
ഉമ്മ ദേഷ്യത്തിൽ പിന്നെയും വിള്ക്കാൻ വന്നപ്പോൾ
അലി വയറുപിടിച്ച് വേദനിക്കുന്ന ഭാവത്തിൽ പറഞ്ഞു.ഞേ
വയറുവേദനയോ എന്റെ റബ്ബേ എന്താ എന്റെ മോന്
പറ്റിയത്? ഉമ്മയുടെ ഭാവം മാറി സ്നേഹത്തോടെ ഉമ്മ
കട്ടിലിൽ ഇരുന്ന് അലിന്റെ വയറു തടവികൊണ്ട് പറഞ്ഞു
എന്നാൽ മോനിങ്ങ് എഴുന്നേറ്റ് വാ ഉമ്മ കട്ടൻ ചായ
തരാം ചൂടുള്ള കട്ടൻ ചായകുടിച്ചാൽ വയറുവേദന മാറും .
ഉമ്മയുടെ സ്നേഹം പൊഴിയുന്ന വാക്കുകൾ കേട്ട് അലി
മെല്ലെ വയറ് പിടിച്ച് കൊണ്ട് തന്നെ എഴുന്നേറ്റു .
ഉമ്മയുടെ കൈപ്പിടിച്ച് അടുക്കളയിലേക്ക് നടന്നു താത്തയും
ഇക്കയും ചായകുടിച്ച് പുസ്തകസഞ്ചിയുമായി പുറപ്പെടാൻ
ഒരുങ്ങി നിൽക്കുകയാണ്. അലിയെ കാത്ത്
നിൽക്കുകയാണവർ. ഉമ്മ അവരോട് പറഞ്ഞു മക്കള്
പൊയ്ക്കോ. നേരം വൈകിയില്ലേ അലിക്ക് സുഖമില്ലാന്ന്
ഉസ്താദിനോട് പറഞ്ഞേക്ക് . അതു കേട്ട് അലി ഇടക്കണ്ണിട്ട്
അവരുടെ മുഖത്തേക്ക് നോക്കി അവന്റെ സൂത്രം

കണ്ടുപിടിക്കുമോ എന്ന പേടിയുമുണ്ട് . അലിക്ക് സുഖമില്ലാ എന്ന് പറഞ്ഞ് അവർ നടന്നകലുന്നതു കണ്ടപ്പോൾ അലിക്ക് ആശ്വാസമായി. ഇന്ന് മദ്റസയിലേക്ക് പോണ്ടല്ലോ. മോൻ പല്ല് തേച്ച് വാ എന്ന് പറഞ്ഞിട്ട് ഉമ്മ ഉമ്മിക്കരി പാത്രം നീട്ടി കൊണ്ട് പറഞ്ഞു സുഖമില്ലാതായാലും പല്ല് തേക്കണമെല്ലോ രാവിലെ എഴുന്നേറ്റാൽ പല്ല് തേക്കാതെ ഒന്നും കുടിക്കാനും തിന്നാനും അലിയെ ഉമ്മ സമ്മതിക്കില്ല. താത്തയും ഇക്കയും പല്ലുതേച്ച് നിസ്കരിച്ചുവന്നാലല്ലാതെ ഉമ്മഒന്നും കൊടുക്കില്ല. അലി വയറു പിടിച്ചു കൊണ്ടുപല്ലു തേക്കാൻ പോയി. കിണററനടുത്തുണ്ട് പൂച്ചയും അവയുടെ കുഞ്ഞുങ്ങളും.പൂച്ചയുടെ പുറത്തു ചാടിയും ചുറ്റും ഓടിയുമൊക്കെ കളിക്കുകയാണ്. അലിയെ കണ്ടപ്പോൾ ഉഷാറ് കൂടി. തന്നെയും കൂടി കളി ക്കാൻ ക്ഷണിക്കുകയാണ് പൂച്ചക്കുഞ്ഞുങ്ങളെന്ന് തോന്നി. ഉമ്മിക്കരിയുടെയും പല്ല്തേപ്പിന്റെയും കാര്യം മറന്ന് അവയുടെ അടുത്തേക്ക് നീങ്ങിയ പ്പോഴാണ് ഓർമ്മവന്നത് ഇങ്ങനെ കളിക്കാൻ പറ്റില്ലല്ലോ ഞാൻ സുക്കേട്ട കാരനല്ലേ പിന്നെ യും വയറ്റിൽ മുറുകെപ്പിടിച്ച് വയറുവേദനയഭിനയി ച്ച് അലി ഉമ്മിക്കരി കൊണ്ട് പല്ല് തേക്കാൻ തു ടങ്ങി. അപ്പോഴാണൊരു കാക്ക തൊട്ടരികെ വന്നി രുന്ന് കാ.........................കാ..........................

എന്ന് കരയാൻ തുടങ്ങി പിന്നെ കാക്ക തല ചരിച്ച്
അലിയുടെ നേരെ നോക്കി ക്രൂ...........................
ക്രൂ..............................എന്ന് ചിരിച്ചു. എടാ അലി
മദ്രസയിലേക്ക് പോവാതിരിക്കാൻ വയറുവേദന
യാണെന്നുപറഞ്ഞ് ഉമ്മയെ പറ്റിക്കുകയാണല്ലേ
നീ എന്നു കാക്ക പറയുന്നതുപോലെ അലിക്ക്
തോന്നി. അലി പോ കാക്കേ എന്ന് പറഞ്ഞ് കിണറ്റിൽ
നിന്നിത്തിരി വെള്ളം മുക്കി കാക്കയു
ടെ നേരെ ഒഴിച്ചു. കാക്ക കാ............കാ............
എന്ന് പറഞ്ഞ് പറന്നു പോയി.

റുസഫിദാ ജാസ്മിൻ

# ശബരി ആശ്രമത്തിലേക്കൊരു യാത്ര

ഞങ്ങൾ അപ്രതീക്ഷിതമായി ഒരു യാത്ര പോയി. അകത്തേത്തറ പഞ്ചായത്തിൽ സ്ഥിതിചെയ്യു-ന്ന ശബരി ആശ്രമം സന്ദർശിക്കുക എന്നതായിരുന്നു ഉദ്ദേശം. എട്ട് ഒൻപത് ക്ലാസുകളിലെ കുട്ടികളായിരുന്നു പോയത്. സ്ക്കൂൾ ബസ്സിലായിരുന്നു യാത്ര. സ്ക്കൂളിൽ നിന്നും പുറപ്പെട്ട ഞങ്ങൾ മെയിൻ റോഡിലിറങ്ങി സ്ക്കൂളിൽ നിന്ന് ആശ്രമത്തിലേക്കുള്ള ഊടുവഴിയിലൂടെ നടന്നു നീങ്ങി. നല്ല വെയിൽ കൊണ്ട് വല്ലാതെ ക്ഷീണിച്ചു. എന്നാൽ ആശ്രമത്തിലേക്ക് പ്രവേശിച്ചപ്പോൾ വലിയ ആശ്വാസം തോന്നി. കാരണം അവിടെ ധാരാളം മരങ്ങൾ ഉണ്ടാ-യിരുന്നു.വരിവരിയായി നിരത്തിയ നവോത്ഥാന നായകൻമാരുടെ ചിത്രങ്ങളും ചരിത്രക്കുറിപ്പുകളും ആയിരുന്നു ഞങ്ങളെ എതിരേറ്റത്.ശേഷം പ്രകൃതി-ദത്ത വർണ്ണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചിത്ര പ്രദർശനം ആയിരുന്നു . മലയാളത്തിലെ ആദ്യ സിനിമയായ വിഗതകുമാരൻ പോലുള്ള സിനിമകളുടെ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്ര പ്രദർശനം ആയിരുന്നു പിന്നീട് കണ്ടത്. ചർക്ക ഉപയോഗിച്ചു കൊണ്ടുള്ള നൂൽനൂൽക്കൽ ഞങ്ങൾ നേരിട്ടുകണ്ടു. പുസ്തക പ്രദർശനവും ഉണ്ടായിരുന്നു. കരകൗശല വസ്തുക്കളുടെ

പ്രദർശനം ഞങ്ങളുടെ മനസ്സിന് വല്ലാതെ സ്വാധീനിച്ചു. പല വർണ്ണങ്ങളുള്ള മിഠായികളും, അച്ചാറുകളും കണ്ട് വായിൽ വെള്ളമൂറി. എന്നാൽ കാശ് എടുത്തില്ലല്ലോ എന്ന വിഷമം ഞങ്ങൾക്കുണ്ടാ-യിരുന്നു. അതിനുശേഷം ഞങ്ങൾ ജീവിതത്തിലാദ്യ മായി കുലാലചക്രം ഉപയോഗിച്ച് കൊണ്ട് മൺപാത്രങ്ങൾ ഉണ്ടാക്കുന്നത് നേരിൽ കണ്ടു.

മൺപാത്രം ഉണ്ടാക്കുന്ന ആളോട് പ്രവർത്തനങ്ങളെ ല്ലാം നേരിട്ട് ചോദിച്ച് മനസ്സിലാക്കി.ഒരുരുള കളിമണ്ണ് എടുത്ത് കുലാല ചക്രത്തിന് മധ്യത്തിൽ വച്ചു. നിമിഷങ്ങൾക്കകം ആ മണ്ണിന്റെ ഉരുള പൂപ്പാത്രം ആയി വരുന്നത് ഞങ്ങൾ വിസ്മയത്തോടെ കണ്ടു. പിന്നീടുള്ള അതിന്റെ പ്രവർത്തനങ്ങളെല്ലാം വിശദമായി കുശവൻ പറഞ്ഞുതന്നു. അതിനു ശേഷംഞങ്ങൾതുകൽവാദ്യ നിർമ്മാണംകണ്ടു

.പിന്നീട്ഗാന്ധിജിസന്ദർശിച്ചുഎന്നുപറയുന്നആശ്രമത്തി ലേക്കപോയിപഴമയുടെവീര്യംനിലനിർത്തിക്കൊണ്ടുള്ളആ ശ്രമത്തിന്റെമുന്നിൽവെച്ച്ഞങ്ങൾഫോട്ടോഎടുത്തുഅപ്പോ ഴേക്കുംഅദ്ധ്യാപകർതിരിച്ചുപോകാനായിതിരക്ക്കൂട്ടിഅ പ്പോഴും അവിടെ എൻ.വികൃഷ്ണവാര്യരുടെ 'ഗാന്ധിയുംഗോഡ്സെ'യും എന്ന കവിത പ്രതിധ്വനിക്കുന്നുണ്ടായിരുന്നു.മനസ്സില്ലാ മനസ്സോടെയാണെങ്കിലും സ്ക്കൂൾ ബസ്സിനെ ലക്ഷ്യം വെച്ചുകൊണ്ട് ഞങ്ങൾനടന്നു.

സ്വാതി

# മലയാളനാടിനിതെന്തു പറ്റി

മാനം ഇരുണ്ട വർണ്ണത്താൽ കോപിച്ചു
കാടുകൾ,മേടുകൾ മനുഷ്യത്താവളങ്ങൾ
എല്ലാം നിദ്രയിലാണ്ടതെന്തേ
ജീവനെ കൊത്തി വിഴുങ്ങാനായ്
കഴുകനായ് കാർമേഘമെത്തുന്നു
ഓട്ടുപുരയിൽ ചോർന്നൊലിക്കും
വെള്ളമിന്നു കരകവിഞ്ഞൊലിക്കുന്നു
മലയാളനാടിനിതെന്തു പറ്റി.

അരുൺ



# SUPPER SWEET

YouCam

Jan.19,2019









നന്ദി

ജി.എച്ച്.എസ്.ഉമ്മിനി